എരിക്കാട്ടിൽ ഹുസൈന്റെ മരണം

37 (65)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽപ്പെട്ട മേപ്പാടി പഞ്ചായത്തിലെ എരുമകൊല്ലി എരിക്കാട്ടിൽ ഹുസൈൻ പോലീസ് മർദ്ദനംമൂലം മരണപ്പെട്ട വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹുസൈനെ മർദ്ദിച്ച പോലീസുകാർക്കെതിരെ കൊലക്കുറ്റത്തിന് കേസ്സെടുക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഹുസൈന്റെ കുടുംബത്തിന് തക്കതായ നഷ്ടപരിഹാരം നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവത്തോടനുബന്ധിച്ച് മേപ്പാടി പോലീസ് സ്റ്റേഷനിലെ ഇബ്രാഹീം, പ്രകാശൻ എന്നീ പോലീസുകാർക്കെതിരെ സെക്ഷൻ 323,304(എ)34 ഐ.പി.സി. പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) ഇക്കാര്യം ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ പരിഗണനയിലാണ്.

തുളസീധരന്റെ മരണം

38 (66)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ താലൂക്കിൽ കടമ്പനാട് പഞ്ചായത്തിൽ മണ്ണടി താഴത്ത് തുളസീധരന്റെ മരണത്തെക്കുറിച്ചുള്ള അന്വേഷണം ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിയിട്ടുള്ളത് ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ കേസ്സ് സംബന്ധിച്ച് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) ഈ അന്വേഷണം എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്വേഷണം പൂർത്തിയാക്കി തീർപ്പ് റിപ്പോർട്ട് 13-7-98-ൽ അടൂർ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതിയിൽ അയച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) അന്വേഷണം പൂർത്തിയായി.

കസ്റ്റഡി മരണങ്ങൾ

39 (67)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ആരെല്ലാം ഏതെല്ലാം പോലീസ് അധികാരികളുടെ കസ്റ്റഡിയിലിരിക്കുമ്പോഴാണ് മരിച്ചത്;

(സി) ഇതു സംബന്ധിച്ച് കേസ്സുകൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ അവയുടെ ഇപ്പോഴത്തെ സ്ഥിതിയെന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്ത് നടന്ന സ്ഫോടനങ്ങൾ

40 (73)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം സംസ്ഥാനത്ത് എത്ര സ്ഫോടനങ്ങളുണ്ടായി;

(ബി) ഇവയിൽ കണ്ണൂർ ജില്ലയിൽ മാത്രം എത്ര സ്ഫോടനങ്ങൾ ഉണ്ടായി;

(സി) ഈ സ്ഫോടനങ്ങളിൽ മരിച്ചവർ, അംഗഭംഗം വന്നവർ, പരിക്കേറ്റവർ എന്നിവർ എത്ര പേരുണ്ട്;

(ഡി) ഇവരിൽ ഓരോ രാഷ്ട്രീയകക്ഷികളിൽപ്പെട്ടവരോ അവരുടെ അനുഭാവികളോ ആയ എത്ര പേർ വീതമുണ്ടെന്ന് പറയുമോ;

(ഇ) ഈ കാലഘട്ടത്തിൽ നടന്ന സ്ഫോടനത്തിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു;

(എഫ്) ഇവയിലെ പ്രതികൾ ഏതെല്ലാം രാഷ്ട്രീയകക്ഷികളിൽപ്പെടുന്നവരാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 265

(ബി) 133

(സി) മരിച്ചവർ 70
പരിക്കേറ്റവർ 231
അംഗഭംഗം സംഭവിച്ചവർ 17

(ഡി) സി.പി.ഐ.(എം) 53
ബി.ജെ.പി./ആർ.എസ്.എസ്. 36
എ.ബി.വി.പി. 11
കോൺഗ്രസ് (ഐ) 17
ഐ.യു.എം.എൽ 3
എൻ.ഡി.എഫ് 1

LIBRARY ARCHIVES Kerala Legislative Assembly